പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2077 23.03.2012 ൽ മറുപടിയ്ക്ക്

ബാരാപ്പോൾ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ബാരാപ്പോൾ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പുരോഗമിക്കുന്നുണ്ടോ ; | (എ) & (ബി) ഉണ്ട്. ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ 400 മീറ്റർ കനാൽ നിർമ്മിക്കാനാവശ്യമായ 1.618 ഹെക്ടർ സ്ഥലം ഇതുവരെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല.<br>പദ്ധതി പ്രദേശത്തുണ്ടായ കനത്ത മഴയും പദ്ധതി നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനത്തിലെ തടസ്സങ്ങളും കാലതാമസ കാരണങ്ങളും എന്തെല്ലാമാണ് ; | |
| (സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) ഇനി ആവശ്യമുള്ള 1.618 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി പ്രവർത്തനത്തിനായി അധികം യന്ത്രസാമഗ്രികളും, ജോലിക്കാരെയും ഉൾപ്പെടുത്തി പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനും പദ്ധതിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ